**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
www.keralaeo.org Email: ombudsman.electricity@gmailgmail.com

# അപ്പീൽ പരാതി നമ്പർ: P/020/2023
**(സാന്നിദ്ധ്യം: എ. ചന്ദ്രകുമാരൻ നായർ)**
**തിയതി: ജൂലൈ-07- 2023**

പരാതിക്കാരൻ: രജിസ്ട്രാർ,
കണ്ണൂർ സർവകലാശാല,
തവക്കര, സിവിൽ സ്റ്റേഷൻ - പി. ഒ.,
കണ്ണൂർ- 670002.

എതിർകക്ഷി: അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനീയർ, ഇലക്ട്രിക്കൽ
സബ് ഡിവിഷൻ, കേരള സ്റ്റേറ്റ്
ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
കാസർഗോഡ് ജില്ല.

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരൻ കേരള സംസ്ഥാനത്തിന് കീഴിലുള്ള നിയമ പ്രകാരം രൂപീകൃതമായ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയായ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ രജിസ്ട്രാർ ആണ്. കണ്ണൂർ സർവകലാശാലയാണ് B. Ed. പരിശീലന കേന്ദ്രം കാസർഗോഡ് സ്ഥാപിച്ചത്. കണ്ണൂർ സർവകലാശാലയുടെ കാസർഗോഡ് ക്യാമ്പസ് (Consumer No. 1166886020570) KSEBL ലൈസൻസിയുടെ ഒരു ഉപഭോക്താവാണ്. Govt./Aided സ്ഥാപനങ്ങൾക്കു ബാധകമായ താരിഫ് പ്രകാരം KSEB കാസർഗോഡ് ക്യാമ്പസ്സിൽ നിന്ന് വൈദ്യുത ചാർജ് ഈടാക്കി വന്നിരുന്നു. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ തീരുമാനിച്ച താരിഫ് അംഗീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട

സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം, ലൈസൻസി ഈ centre-ന്റെ താരിഫ് 6F ആക്കി മാറ്റുകയും ഒരു കാലയളവിലേക്ക് ഒരു ഹ്രസ്വ മൂല്യനിർണ്ണയ ബിൽ നൽകുകയും ചെയ്തു. 7/2009 മുതൽ 7/2015 വരെ രൂപ. 5,87,486/-. സർവകലാശാലയുടെ അപേക്ഷയൊന്നും അംഗീകരിക്കപ്പെട്ടില്ല, തുടർന്ന് അപ്പീൽക്കാരൻ CGRF-നെ സമീപിച്ചു. CGRF 10/03/2022 തീയതിയിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചു, ലൈസൻസിയുടെ ഡിമാൻഡ് നോട്ടീസ് അനുസരിച്ചുള്ള ചാർജുകൾ അടയ്ക്കാൻ അപ്പീൽ പരാതിക്കാരൻ ബാധ്യസ്ഥനാണെന്ന് പ്രസ്താവിച്ചു. തർക്കം അവിടെയും പരിഹരിക്കപ്പെടാത്തതിനാലാണ് Ombudsman-ന് പരാതി സമർപ്പിച്ചത്.

## പരാതിക്കാരന്റെ വാദം

1. കേരള സർക്കാർ പാസ്സാക്കിയ Kannur University Act 1996 (Act 22 of 1996) പ്രകാരം രൂപീകൃതമായ കണ്ണൂർ സർവകലാശാല കേരള സംസ്ഥാനത്തിന് കീഴിലുള്ള ഒരു സ്റ്റേറ്റ് യൂണിവേഴ്സിറ്റി ആണ്.

   കാസർഗോഡ് ജില്ലാ കളക്ടറുടെ 14.10.2005 തീയതിയിലെ C2-46 739/97 നമ്പർ നടപടിക്രമം അനുസരിച്ച് കണ്ണൂർ സർവകലാശാലയുടെ കാസർഗോഡ് ബി.എഡ് കേന്ദ്രം സ്ഥാപിക്കുന്നതിന് കാസർഗോഡ് വില്ലേജിലെ മൂന്ന് ഏക്കർ സ്ഥലം അഡ്വാൻസ് പൊസ്സെഷൻ മുഖേന സർവകലാശാല രജിസ്ട്രാർക്ക് കൈമാറി നൽകുകയുണ്ടായി. സ്റ്റേറ്റ് യൂണിവേഴ്സിറ്റി ആയതിനാലാണ് കണ്ണൂർ സർവകലാശാല കേന്ദ്രം സ്ഥാപിക്കുന്നതിന് സർക്കാർ ഭൂമി അനുവദിച്ച് നൽകിയത്. സർക്കാർ അനുവദിച്ച പ്രസ്തുത ഭൂമിയിൽ കണ്ണൂർ സർവകലാശാല ക്യാമ്പസ് സ്ഥാപിക്കുകയും ബി.എഡ് പഠന കേന്ദ്രം, കന്നഡ പഠന വകുപ്പ് എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തു. മേൽ ക്യാമ്പസിൽ കെ.എസ്.ഇ. ബി-യുടെ 1166886020510 എന്ന കൺസ്യൂമർ നമ്പറിലുള്ള വൈദ്യുതി കണക്ഷൻ സർവകലാശാല രജിസ്ട്രാറുടെ പേരിൽ അനുവദിച്ചിട്ടുണ്ട്.

2. സർക്കാർ / എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബാധകമായ നിരക്കിൽ നിന്നും മാറ്റി വാണിജ്യാവശ്യങ്ങൾക്ക് ബാധകമായ നിരക്കിലേക്ക് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബാധകമായ

വൈദ്യുതി നിരക്ക് മാറ്റി നിശ്ചയിച്ച നടപടി സുപ്രീം കോടതി അംഗീകരിച്ചത് പ്രകാരം കാസറഗോഡ് കാമ്പസിലെ മേൽ വൈദ്യുതി കണക്ഷൻ 07/2009മുതൽ 07/2015 വരെയുള്ള കുടിശ്ശിക/സർചാർജ് ഇനത്തിൽ 5,87,486/-രൂപ ഒടുക്കണമെന്ന് അറിയിക്കുകയുണ്ടായി.

കണ്ണൂർ സർവകലാശാലയും അനുബന്ധ ക്യാമ്പസുകളും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിധിയിൽ വരില്ലെന്നും കാസർഗോഡ് ക്യാമ്പസിന് വാണിജ്യാവശ്യങ്ങളുടെ നിരക്ക് ബാധകമാക്കി കുടിശ്ശിക നിശ്ചയിച്ച രീതി പുന:പരിശോധിക്കണമെന്നും അഭ്യർത്ഥിച്ച് സർവകലാശാല 17.11.2020 നു സമർപ്പിച്ച അപേക്ഷ കെ.എസ്.ഇ.ബി കാസർഗോഡ് ഇലക്ട്രിക്കൽ സെക്ഷൻ പരിഗണിക്കുകയുണ്ടായില്ല.

3. വാണിജ്യാവശ്യങ്ങൾക്ക് ബാധകമായ 6F നിരക്കിൽ നിന്നും സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബാധകമായ 6A, നിരക്കിലേക്ക് കാസർഗോഡ് ക്യാമ്പസിലെ വൈദ്യുതി താരിഫ് മാറ്റി കിട്ടുന്നതിന് സർവകലാശാല രേഖാമൂലം 25.04.2022 നൽകിയ അപേക്ഷയും കെ.എസ്.ഇ.ബി കാസർഗോഡ് ഇലക്ട്രിക്കൽ സെക്ഷൻ പരിഗണിക്കുകയുണ്ടായില്ല.

അതേ സമയം, സർവകലാശാലയുടെ തലശ്ശേരി ക്യാമ്പസിൽ പ്രവർത്തിച്ചു വരുന്ന നിയമപഠന കേന്ദ്രത്തിന് (School of Legal Studies) അനുവദി ച്ചിട്ടുള്ള വൈദ്യുതി കണക്ഷൻ നിശ്ചയിച്ച താരിഫ് 6B യിൽ നിന്നും 6A യിലേക്ക് മാറ്റി സർവകലാശാല നൽകിയ അപേക്ഷ ബന്ധപ്പെട്ട കെ.എസ്.ഇ.ബി കാര്യാലയം അനുവദിച്ചുതന്നിട്ടുണ്ട്. സർവകലാശാലയുടെ മാനന്തവാടി ക്യാമ്പസ് ഹോസ്റ്റലിന് അനുവദിച്ച താരിഫ് 7A യിൽ നിന്നും 6B യിലേക്ക് മാറ്റി കിട്ടുന്നതിന് സർവകലാശാല നൽകിയ അപേക്ഷയും ബന്ധപ്പെട്ട കെ.എസ്.ഇ.ബി കാര്യാലയം അനുവദിച്ചുതന്നിട്ടുണ്ട്.

4. കണ്ണൂർ സർവകലാശാലയും അനുബന്ധ ക്യാമ്പസുകളും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിധിയിൽ വരില്ലെന്നും കാസർഗോഡ് ക്യാമ്പസിന് വാണിജ്യാവശ്യങ്ങളുടെ നിരക്ക് ബാധകമാക്കി കുടിശ്ശിക നിശ്ചയിച്ച രീതി പുനഃപരിശോധിക്കണമെന്നും അഭ്യർത്ഥിച്ച് സർവകലാശാല 02.12.2021, 22.04.2022 തീയതികളിൽ കെ. എസ്. ഇ. ബി ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മുമ്പാകെ സമർപ്പിച്ച

അപേക്ഷ പരിഗണിക്കുകയുണ്ടായില്ല. കണ്ണൂർ സർവകലാശാലയുടെ ധർമ്മശാല ക്യാമ്പസിൽ പ്രവർത്തിക്കുന്ന ബി.എഡ് കേന്ദ്രത്തിനും മാനന്തവാടി പ്രവർത്തിക്കുന്ന ബി.എഡ് കേന്ദ്രത്തിനും കെ.എസ്.ഇ.ബി അനുവദിച്ച വൈദ്യുതി കണക്ഷന് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബാധകമായ 6A താരിഫ് നിശ്ചയിച്ചിട്ടുണ്ട്.

5. കാലിക്കറ്റ് സർവകലാശാലയുടെ കീഴിൽ വടകരയിൽ പ്രവർത്തിക്കുന്ന ബി.എഡ് കേന്ദ്രത്തിനും സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബാധകമായ 6A, താരിഫ് കെ.എസ്.ഇ.ബി അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സ്വാശ്രയ ബി.എഡ് കോഴ്സുകളിൽ മെറിറ്റിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 45,000/- രൂപ നിരക്കിലും മാനേജ്മന്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 60,000/- രൂപ നിരക്കിലും ട്യൂഷൻ ഫീ നിശ്ചയിച്ചു കൊണ്ടുള്ള 07.02.2022 ലെ സ.ഉ.നം.222-2022-HDN സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്റേറ്റ് യൂണിവേഴ്സിറ്റി ആയ കണ്ണൂർ സർവകലാശാലക്ക് മാനേജ്മന്റ് കാട്ട സീറ്റിലും മെറിറ്റ് അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. അതിനാൽ, സർവകലാശാലയിൽ ബി.എഡ് കോഴ്സിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 45,000/- രൂപ നിരക്കി ഫീസ് 19.05.2022 തീയ്യതിയിലെ അക്കാഡമിക് ഡി/7993/ബി.എഡ്. ഫീ നമ്പർ സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിടടുണ്ട്. മെറിറ്റ് അടിസ്ഥാനത്തിൽ മാത്രം പ്രവേശനവും മെറിറ്റിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ബാധകമായ ഫീസും നിശ്ചയിച്ചിട്ടുള്ളതിനാൽ സർവകലാശാല ബി.എഡ് കേന്ദ്രം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്നില്ല.

6. കണ്ണൂർ സർവകലാശാലയുടെ ബി.എഡ് കേന്ദ്രത്തിന്റെ കഴിഞ്ഞ 5 വർഷത്തെ വരവും ചിലവും രേഖപ്പെടുത്തിയ statement പരിശോധനക്കും പരിഗണനക്കുമായി ഇതോടൊപ്പം സമർപ്പിക്കുന്നു. തുടർച്ചയായ 4 വർഷങ്ങളിൽ ബി.എഡ് കേന്ദ്രത്തിന്റെ നടത്തിപ്പിന് വരവിൽ കവിഞ്ഞുള്ള ചിലവ് വന്നിട്ടുള്ളത് ടി statement-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂർ സർവകലാശാലയുടെ കാസർഗോഡ് ക്യാമ്പസിൽ 1166886020510

കൺസ്യൂമർ നമ്പറിൽ കെ.എസ്. ഇ.ബി. അനുവദിച്ചിട്ടുള്ള വൈദ്യുതി കണക്ഷന്റെ താരിഫ് മാറ്റം, കുടിശ്ശിക ഒടുക്കൽ ഒഴിവാക്കൽ എന്നിവ ആവശ്യപ്പെട്ട് സർവകലാശാല സമർപ്പിച്ച പരാതി, വസ്തുത വിവരണ പത്രിക എന്നിവ പരിഗണിച്ച്, സ്റ്റേറ്റ് യൂണിവേഴ്സിറ്റി ആയി നിയമാനുസൃതം രൂപീകരിക്കപ്പെട്ടതും സർക്കാർ കൈമാറി നൽകിയ ഭൂമിയിൽ സ്ഥാപിക്കപ്പെട്ടതുമായ കണ്ണൂർ സർവകലാശാലയുടെ കാസർഗോഡ് ക്യാമ്പസിൽ കെ.എസ്.ഇ.ബി. **1166886020510** കൺസ്യൂമർ നമ്പറിൽ അനുവദിച്ചിട്ടുള്ള വൈദ്യുതി കണക്ഷൻ നിശ്ചയിച്ച വാണിജ്യാവശ്യങ്ങൾക്കുള്ള സ്ഥാപനങ്ങൾക്ക് ബാധകമായ 6F താരിഫ്, സർക്കാർ വിദ്യഭ്യാസ സ്ഥാപനങ്ങൾക്ക് ബാധകമായ 6A, യിലേക്ക് മാറ്റി നിശ്ചയിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

7. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബാധകമായ താരിഫ് കണക്കാക്കി മേൽ വൈദ്യതി കണക്ഷന് കുടിശ്ശിക ഇനത്തിൽ നിശ്ചയിച്ച Rs.5,87,486/- ഒടുക്കുന്നതിൽ നിന്നും കണ്ണൂർ സർവ്വകലാശാലയെ ഒഴിവാക്കി ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

## എതിർക്കക്ഷിയുടെ വാദം

1. ഇലക്ട്രിക്കൽ സെക്ഷൻ കാസറഗോഡിന് കീഴിലെ കൺസ്യൂമറായ രജിസ്ട്രാർ കണ്ണൂർ സർവകലാശാല തവക്കര, സിവിൽ സ്റ്റേഷൻ പി.ഓ, കണ്ണൂർ (കൺസ്യൂമർ നമ്പർ - 1166886020510) എന്നവർ റെപ്രെസെന്റഷൻ നമ്പർ P/020/2023 പ്രകാരം സമർപ്പിച്ച പരാതിക്ക് എതിർ കക്ഷി എഴുതി സമർപ്പിക്കുന്ന മറുപടി .

2. സ്വാശ്രയ സ്ഥാപനത്തിന്റെ താരിഫ് ആയ LT VIF ഇൽ 1166886020510 എന്ന കൺസ്യൂമർ നമ്പറിൽ, കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കാസറഗോഡ് ചാലയിലുള്ള ക്യാമ്പസിലേക്കു കെ. എസ്. ഇ. ബി. ലിമിറ്റഡ്, ഇലക്ട്രിക്കൽ സെക്ഷൻ കാസറഗോഡിന്റെ കീഴിൽ വൈദ്യതി കണക്ഷൻ നല്കിയിട്ടുള്ളതാകുന്നു.

3. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ താരിഫുമായി ബന്ധപെട്ടു സുപ്രീം കോടതിയിൽ നിലനിന്നിരുന്ന കേസ് തീർപ്പായപ്പോൾ 07 /2009 മുതൽ 07/2015 വരെയുള്ള സമയത്തു നൽകിയിരുന്ന ബില്ലിൽ വന്ന കുറവായ 5,87,486 + സർചാർജ് അടക്കുന്നതിനായി ഒരു നോട്ടീസ്

നൽകിയിരുന്നു. വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കി സ്വാശ്രയ കോഴ്സുകൾ നടത്തുന്നതിനാൽ സെൽഫ് ഫൈനാൻസിങ് ഇൻസ്റ്റിറ്റൂട്ട് എന്ന നിലയിലാണ് VIIA താരിഫിൽ ഷോർട്ട് അസ്സെസ്സ്മെന്റ് ബിൽ നൽകിയിട്ടുള്ളത്. ഇപ്പോൾറെഗുലേറ്ററി കമ്മീഷൻ ഓർഡർ പ്രകാരം സെൽഫ് ഫൈനാൻസിങ് എഡ്യൂക്കേഷൻ ഇൻസ്റ്റിട്യൂട്ട്ന്റെ താരിഫ് VIF ആണ്.

4. ബഹുമാനപെട്ട സുപ്രീം കോടതിയുടെ SLP 8350 /2009 വിധി നടപ്പാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

   OP No. 65/2022/23 പ്രകാരം ബഹുമാനപ്പെട്ട വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല) വിശദമായ വാദം കേട്ടതിനു ശേഷം അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കാസറഗോഡ് നൽകിയ ബില്ല് ശരിയാണെന്നും, ബിൽ തുകയായ 5,87,486/- രൂപ അടക്കുവാൻ പരാതിക്കാരൻ ബാധ്യസ്ഥനാണെന്നും കണ്ടെത്തിയിട്ടുള്ളതാകുന്നു. കൂടാതെ കാസറഗോഡ് ക്യാമ്പസ്സിൽ ബി എഡ് കേന്ദ്രത്തിനു നൽകിയിട്ടുള്ള 1166886020510 എന്ന വൈദ്യുതി കണക്ഷൻ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ താരിഫിൽ നിലനിർത്താവുന്നതാണെന്നും ഉത്തരവായിട്ടുള്ളതാണ്.

5. കാസറഗോഡ് ചാലയിൽ ഉള്ള കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ക്യാമ്പസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഇലക്ട്രിസിറ്റി കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള യാതൊരു നടപടിയും ഈ ഓഫീസിൽ നിന്നും സ്വീകരിച്ചിട്ടില്ല.

## <u>പരാതിക്കാരന്റെ എതിർ വാദം</u>

1. വാണിജ്യാവശ്യങ്ങൾക്ക് ബാധകമായ 6F നിരക്കിൽ നിന്നും സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബാധകമായ 6A, നിരക്കിലേക്ക് കാസർഗോഡ് ക്യാമ്പസിലെ വൈദ്യുതി താരിഫ് മാറ്റി കിട്ടുന്നതിന് സർവകലാശാല രേഖാമൂലം 25.04.2022 നൽകിയ അപേക്ഷയും കെ.എസ്.ഇ.ബി കാസർഗോഡ് ഇലക്ട്രിക്കൽ സെക്ഷൻ പരിഗണിക്കുകയുണ്ടായില്ല. അതേ സമയം, സർവകലാശാലയുടെ തലശ്ശേരി ക്യാമ്പസിൽ പ്രവർത്തിച്ചു വരുന്ന നിയമപഠന കേന്ദ്രത്തിന് (School of Legal Studies) അനുവദിച്ചിട്ടുള്ള വൈദ്യുതി കണക്ഷൻ

നിശ്ചയിച്ച താരിഫ് 6B യിൽ നിന്നും 6A യിലേക്ക് മാറ്റി സർവകലാശാല നൽകിയ അപേക്ഷ ബന്ധപ്പെട്ട കെ.എസ്.ഇ.ബി കാര്യാലയം അനുവദിച്ചുതന്നിട്ടുണ്ട്. സർവകലാശാലയുടെ മാനന്തവാടി ക്യാമ്പസ് ഹോസ്റ്റലിന് അനുവദിച്ച താരിഫ് 7A യിൽ നിന്നും 6B യിലേക്ക് മാറ്റി കിട്ടുന്നതിന് സർവകലാശാല നൽകിയ അപേക്ഷയും ബന്ധപ്പെട്ട കെ.എസ്.ഇ.ബി കാര്യാലയം അനുവദിച്ചുതന്നിട്ടുണ്ട്.

2. കണ്ണൂർ സർവകലാശാലയും അനുബന്ധ ക്യാമ്പസുകളും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിധിയിൽ വരില്ലെന്നും കാസർഗോഡ് ക്യാമ്പസിന് വാണിജ്യാവശ്യങ്ങളുടെ നിരക്ക് ബാധകമാക്കി കുടിശ്ശിക നിശ്ചയിച്ച രീതി പുനഃപരിശോധിക്കണമെന്നും അഭ്യർത്ഥിച്ച് സർവകലാശാല 02.12.2021, 22.04.2022 തീയതികളിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മുമ്പാകെ സമർപ്പിച്ച അപേക്ഷ പരിഗണിക്കുകയുണ്ടായില്ല.

3. കണ്ണൂർ സർവകലാശാലയുടെ ധർമ്മശാല ക്യാമ്പസിൽ പ്രവർത്തിക്കുന്ന ബി.എഡ് കേന്ദ്രത്തിനും മാനന്തവാടി പ്രവർത്തിക്കുന്ന ബി.എഡ് കേന്ദ്രത്തിനും കെ.എസ്.ഇ.ബി അനുവദിച്ച വൈദ്യുതി കണക്ഷന് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബാധകമായ 6A താരിഫ് നിശ്ചയിച്ചിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാലയുടെ കീഴിൽ വടകരയിൽ പ്രവർത്തിക്കുന്ന ബി.എഡ് കേന്ദ്രത്തിനും സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബാധകമായ 6A, താരിഫ് കെ.എസ്.ഇ.ബി അനുവദിച്ചിട്ടുണ്ട്.

4. മേൽ പരാമർശിച്ചിട്ടുള്ള പരാതിയുമായി ബന്ധപ്പെട്ട് എതിർ കക്ഷിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കാസർഗോഡ് സമർപ്പിച്ച statement of facts-ലെ ഖണ്ഡിക (i),(ii)ലെ വാദങ്ങൾക്കെതിരായി കണ്ണൂർ സർവകലാശാല സമർപ്പിക്കുന്ന റിമാർക്സ് താഴെ ചേർക്കുന്നു.

(i) 50% സീറ്റ് മെറിറ്റിലും 50% സീറ്റ് മാനേജ്മെന്റ് ക്വാട്ടയിലും നിശ്ചയിച്ച് രണ്ട് ക്വാട്ടയിലും പ്രവേശനം നേടുന്നവർക്ക് വ്യത്യസ്ത ഫീസ് ഘടന നിശ്ചയിക്കുന്നതാണ് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ

ഘടന. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 50% സീറ്റ് മാനേജ്മെന്റ് ക്വാട്ടയിൽ അത്തരം വിദ്യാഭ്യാസ സ്ഥാപനം നേരിട്ടാണ് പ്രവേശനം അനുവദിക്കുന്നത്.

(ii) സ്വാശ്രയ ബി.എഡ് കോഴ്സിന് മെറിറ്റിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 45,000/- രൂപ നിരക്കിലും മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 60,000/- രൂപ നിരക്കിലും ട്യൂഷൻ ഫീ നിശ്ചയിച്ചുകൊണ്ട് 07.02.2022 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ : 221-2022 -HDN പുറപ്പെടുവിച്ചിട്ടുണ്ട്. സ്റ്റേറ്റ് യൂണിവേഴ്സിറ്റി ആയ കണ്ണൂർ സർവകലാശാലക്ക് മാനേജ്മെന്റ് ക്വാട്ട പ്രകാരമുള്ള സീറ്റ് ബാധകമല്ലാത്തതിനാൽ മുഴുവൻ സീറ്റിലും മെറിറ്റ് അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. അതിനാൽ സർവകലാശാലയിൽ ബി.എഡ് കോഴ്സിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 45,000/- രൂപ നിരക്കിലുള്ള ഫീസ് നിശ്ചയിച്ചുകൊണ്ട് 19.05.2022 തീയതിയിലെ അക്കാദമിക് ഡി 1/993/ ബി എഡ് ഫീ നമ്പർ സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കണ്ണൂർ സർവകലാശാല കാസർഗോഡ് ക്യാമ്പസിലെ ബി.എഡ് കേന്ദ്രം 100 ശതമാനം സീറ്റിലും മെറിറ്റിൽ മാത്രം പ്രവേശനം നടത്തുന്നതിനാൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനമല്ല. തെറ്റായ താരിഫ് ആണ് കണ്ണൂർ സർവകലാശാല കാസർഗോഡ് ക്യാമ്പസിലെ ബി എഡ് കേന്ദ്രത്തിന് കെ എസ് ഇ ബി അനുവദിച്ചിരിക്കുന്നത്.

5. വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല) ക്ക് മുമ്പാകെ സമർപ്പിച്ച പരാതിക്കിടയാക്കിയ വിഷയത്തിൽ നീതിയുക്തമായ തീരുമാനം ലഭിക്കാത്തതിനാൽ കണ്ണൂർ സർവകലാശാലയുടെ കാസർഗോഡ് ക്യാമ്പസിൽ **1166886020510** കൺസ്യൂമർ നമ്പറിൽ കെ.എസ്.ഇ.ബി. അനുവദിച്ചിട്ടുള്ള വൈദ്യുതി കണക്ഷന്റെ താരിഫ് മാറ്റം, കുടിശ്ശിക ഒടുക്കൽ ഒഴിവാക്കൽ എന്നിവ ആവശ്യപ്പെട്ട്, ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ മുമ്പാകെ സർവകലാശാല സമർപ്പിച്ച പരാതി മേൽ വസ്തുതാ വിവരണ പത്രിക പരിഗണിച്ച്, താഴെ ചേർത്തവ അംഗീകരിച്ച് ഉത്തരവാകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വണക്കമായി അപേക്ഷിക്കുന്നു.

(i) സ്റ്റേറ്റ് യൂണിവേഴ്സിറ്റി ആയി നിയമാനുസൃതം രൂപീകരിക്കപ്പെട്ടതും സർക്കാർ കൈമാറി നൽകിയ ഭൂമിയിൽ സ്ഥാപിക്കപ്പെട്ടതുമായ

കണ്ണൂർ സർവകലാശാലയുടെ കാസർഗോഡ് ക്യാമ്പസിൽ കെ.എസ്.ഇ.ബി. 1166886020510 കൺസ്യൂമർ നമ്പറിൽ അനുവദിച്ചിട്ടുള്ള വൈദ്യുതി കണക്ഷന് നിശ്ചയിച്ച വാണിജ്യാവശ്യങ്ങൾക്കുള്ള സ്ഥാപനങ്ങൾക്ക് ബാധകമായ 6F താരിഫ്, സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബാധകമായ 6A യിലേക്ക് മാറ്റി നിശ്ചയിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

(ii) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബാധകമായ താരിഫ് കണക്കാക്കി മേൽ വൈദ്യുതി കണക്ഷന് കുടിശ്ശിക ഇനത്തിൽ നിശ്ചയിച്ച Rs.5,87,486/- ഒടുക്കുന്നതിൽ നിന്നും കണ്ണൂർ സർവ്വകലാശാലയെ ഒഴിവാക്കി ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം 27/06/2023-ന് രാവിലെ 11:30-ന് എറണാകുളം സൗത്ത് ഗാന്ധി സ്ക്വയറിനടുത്തുള്ള ഡി.എച്ച് റോഡ് & ഫോർഷോർ റോഡ് ജംഗ്ഷനിലുള്ള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ ഓഫീസിൽ നടന്നു. പരാതിക്കാരന്റെ ഭാഗത്തുനിന്നും ശ്രീ. സജീവൻ എം., കണ്ണൂർ സർവകലാശാല അസിസ്റ്റന്റ് രജിസ്ട്രാർ കൂടാതെ അഭിഭാഷകൻ ശ്രീ. ഐ.വി. പ്രമോദ്, എതിർ കക്ഷിയായ ശ്രീ. കെ. രജിത്ത് കുമാർ, A.Ex.E, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കാസർകോട് എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

കണ്ണൂർ സർവകലാശാല 1996ൽ കേരള നിയമപാസാക്കിയ kannur യൂണിവേഴ്സിറ്റി Act 1996 പ്രകാരം നിലവിൽ വന്നിട്ടുള്ള ഒരു സംസ്ഥാന സർവകലാശാലയാണ്. കാസർഗോഡ് ജില്ലയുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മാറ്റുന്നതിന് വേണ്ടി കണ്ണൂർ സർവ്വകലാശാല ഒരു ബി എഡ്യു പഠന കേന്ദ്രം കാസർഗോഡ് സ്ഥാപിച്ചു. കൂടാതെ കന്നട പഠനവകുപ്പ് മുതലായവയും സ്ഥാപിച്ചു. ഈ കേന്ദ്രം ലൈസൻസിയിൽ നിന്നും വൈദ്യുത കണക്ഷൻ ലഭ്യമാക്കുകയും ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് ബാധകമായ താരിഫിൽ എനർജി ചാർജ് നൽകുകയും ചെയ്തു.

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ താരിഫ്

നിർണയത്തിൽ ഗവൺമെന്റ്/ എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും വിഭിന്നമായ താരിഫ് പ്രൈവറ്റ് സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചതിനെതിരെ പ്രൈവറ്റ് സ്ഥാപനങ്ങൾ കോടതികളെ സമീപിക്കുകയും ബഹു. കോടതി അവസാന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു (SLP 8350/2002). ഇതുപ്രകാരം പ്രൈവറ്റ് സ്ഥാപനങ്ങൾ ഉയർന്ന താരിഫ് (KSERC താരിപ്രകാരമുള്ള) നൽകേണ്ടതാണെന്ന തീരുമാനമുണ്ടായി. കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള കാസർഗോഡ് കേന്ദ്രത്തിന് Govt./Aided സ്ഥാപനങ്ങളുടെ താരിഫിൽ നിന്നും മാറി മറ്റിതര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബാധകമായ 6F നൽകേണ്ടതാണെന്ന് എതിർകക്ഷി തീരുമാനിക്കുകയുണ്ടായി. സർവകലാശാല പലതവണ അപേക്ഷിച്ചിട്ടും അത് മാറ്റാൻ തയ്യാറായില്ല. ഇതിന് പറയുന്ന കാരണങ്ങൾ സ്വാശ്രയ സ്ഥാപനത്തിന്റെ താരിഫായ LT VIF-ലാണ് വൈദ്യുത കണക്ഷൻ നൽകിയിട്ടുള്ളത് എന്നും, വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കി സ്വാശ്രയ രീതിയിൽ കോഴ്സുകൾ നടത്തുന്നതിനാലുമെന്നാണ്.

ഇവിടത്തെ ചോദ്യം ഇത് പൂർണ്ണമായും സ്വാശ്രയ സ്ഥാപനം ആണോ? ഈ കേന്ദ്രം സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം സർക്കാരാണ് നൽകിയിട്ടുള്ളത് കൂടാതെ ഇവിടെ വേണ്ട സംവിധാനങ്ങൾ (കെട്ടിടങ്ങൾ റോഡുകൾ മറ്റുപകരണങ്ങൾ) എല്ലാം ഒരുക്കിയിട്ടുള്ളത് സർവകലാശാലയുടെ ഫണ്ടിൽ നിന്നാണ്. കേരളത്തിൽ സർക്കാരിന്റെ കീഴിലുള്ള സർവകലാശാലകൾ എല്ലാം പ്രവർത്തിക്കുന്നത് സർക്കാർ വർഷംതോറും നൽകുന്ന ഫണ്ടും ഫീസിനത്തിലും മറ്റു പിരിച്ചെടുക്കുന്ന തനത് ഫണ്ടും ഉപയോഗിച്ചാണ്. അതായത് സർവ്വകലാശാലയുടെ ഫണ്ട് എന്നാൽ സർക്കാർ ഫണ്ട് തന്നെ എന്ന് സ്ഥാപിക്കാം. കൂടാതെ സർവകലാശാലകൾ നേരിട്ടു നടത്തുന്ന കോഴ്സുകൾക്ക് ഈടാക്കുന്ന ഫീസ് മറ്റു സർക്കാർ കോളേജുകളെക്കാൾ കൂടുതലായിരിക്കും. അതുകൊണ്ട് ഫീസ് ഈടാക്കുന്നു എന്നതുകൊണ്ട് സ്വാശ്രയ സ്ഥാപനം എന്ന് തീരുമാനിക്കാൻ കഴിയില്ല.

സ്വാശ്രയ സ്ഥാപനങ്ങൾ ഉയർന്നു ഫീസ് ഈടാക്കുന്നു കൂടാതെ അവിടെ 50% സർക്കാർ സീറ്റും ബാക്കി 50% മാനേജ്മെന്റ് സീറ്റുമായിരിക്കും. സർക്കാർ സീറ്റുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന ഫീസ് ഈടാക്കുമ്പോൾ മാനേജ്മെന്റ് സീറ്റുകൾക്ക് ഉയർന്ന ഫീസ് ഈടാക്കിയാണ് ആ സ്ഥാപനത്തെ സ്വാശ്രയമാക്കുന്നത്. കൂടാതെ

ആ സ്ഥാപനത്തിനു വേണ്ടി വരുന്ന സ്ഥലവും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നത് തനതു ഫണ്ടിൽ നിന്നുമായിരിക്കും. അത്തരം സൗകര്യങ്ങൾക്ക് ചെലവഴിക്കുന്ന മൂലധനത്തിന്റെ ചെലവും സ്വാശ്രയ ഫണ്ടിൽ നിന്നാണ് കണ്ടെത്തേണ്ടത്. അതായത് പിരിച്ചെടുക്കുന്ന ഫീസിൽ നിന്നും.

ഈ കേന്ദ്രം നടത്താൻ വേണ്ടിയുള്ള മുഴുവൻ ചെലവും ഇവിടെ നിന്ന് ലഭിക്കുന്ന ഫീസിനത്തിലൂടെ കഴിയുമോ? അത് വിശദമായി പരിശോധിച്ചു. പരാതിക്കാരൻ 2017-18, 2018-19, 2019-20, 2020-21,2021-22 എന്നീ വർഷങ്ങളിലെ വരവുചെലവുകളുടെ രേഖ സമർപ്പിച്ചു. ഇതിൽ 2018-19 മുതൽ 2021-22 വരെ വരവിനെക്കാൾ കൂടുതലാണ് ചെലവ് കാണുന്നത്. അതായത് 2018-19ൽ ചെലവ് വരവിനേക്കാൾ 27%ഉം, അത് 2019-20ൽ 73%, 2020-21ൽ 76% 2021-22ൽ അത് 123%ഉം അധികരിച്ചിരിക്കുന്നതായി കാണാം. അതായത് ഈ അധികരിച്ചിരിക്കുന്ന തുക മുഴുവൻ സർവ്വകലാശാല വഹിക്കേണ്ടിവരുന്നു എന്നാകുമ്പോൾ അത് സർക്കാർ ഫണ്ടായി തന്നെ കണക്കാക്കേണ്ടിയിരിക്കുന്നു. അങ്ങനെ വരുമ്പോൾ ഈ സ്ഥാപനം സ്വാശ്രയ സ്ഥാപനം എന്ന നിർവചനത്തിൽപെടുത്താൻ കഴിയുമോ?.2006 ൽ സംസ്ഥാന സർക്കാർ പാസാക്കിയിട്ടുള്ള നിയമം (Act 19 of 2006) പ്രകാരം എയ്ഡഡ് കോളേജിന്റെ നിർവചനം ഇങ്ങനെയാണ്.

*"Aided college: - Aided college means a professional college or an institution receiving recurring financial aid or grant in aid from any State or Central Government and includes minority and non-minority professional college or institution, as specified by the Government".*

പ്രസ്തുത നിയമത്തിൽ തന്നെ ടീച്ചർ എഡ്യൂക്കേഷനും സെന്ററും പ്രൊഫഷണൽ കോളേജുകളായി അംഗീകരിച്ചിട്ടുണ്ട്. വർഷാവർഷം വരവിനെക്കാൾ അധികരിക്കുന്ന ചെലവ് നികത്തുന്നത് സർക്കാർ ഫണ്ടിൽ നിന്നാകുമ്പോൾ അത് സർക്കാരിന്റെ financial aid or grant in aid ആയി കണക്കാക്കാം. അങ്ങനെ വരുമ്പോൾ ഇത്തരം സ്ഥാപനങ്ങൾ Deemed Aided College- ന്റെ കൂട്ടത്തിൽ കണക്കാക്കേണ്ടി വരുന്നു.

കണ്ണൂർ സർവകലാശാല തന്നെ തുടങ്ങിയിട്ടുള്ള മാനന്തവാടി കേന്ദ്രവും ധർമ്മശാലയിൽ പ്രവർത്തിച്ചിരിക്കുന്ന കേന്ദ്രവും തലശ്ശേരിയിൽ പ്രവർത്തിക്കുന്ന കേന്ദ്രവും 6A താരിഫിൽ ആണ്

വൈദ്യുത ചാർജ് അടയ്ക്കുന്നത്. കോഴിക്കോട് സർവകലാശാലയുടെ കീഴിലുള്ള വടകര കേന്ദ്രത്തിനും ബാധകമായിരിക്കുന്ന താരിഫ് 6A തന്നെയാണ്. ഇതെങ്ങനെ എന്ന ചോദ്യത്തിന് എതിർ കക്ഷിക്ക് ശരിയായ ഉത്തരം നൽകാൻ കഴിഞ്ഞില്ല.

ഇതിൽ നിന്നും കണ്ണൂർ സർവ്വകലാശാലയുടെ കാസർഗോഡ് കേന്ദ്രം Govt./Aided സ്ഥാപനങ്ങളുടെ ഗണത്തിൽ പെടുത്തേണ്ടതാണ്.

## തീരുമാനം

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്ന് ഇനിപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്യുന്നു.

1. എതിർകക്ഷി പരാതിക്കാരന് നൽകിയിട്ടുള്ള ഷോർട്ട് അസ്സെസ്മെന്റ് ബില്ല് റദ്ദാക്കിയിരിക്കുന്നു.
2. കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള കാസർഗോഡ് കേന്ദ്രം എയ്ഡഡ് സ്ഥാപനങ്ങളുടെ ഗണത്തിൽ പെടുത്താവുന്നതിനാൽ 6A താരിഫാണ് ബാധകം.
3. മറ്റു ചിലവുകൾ ഒന്നും അനുവദിക്കുന്നില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/020/2023/ തിയതി: 07/07/2023.

## അയക്കുന്നത്:

1. രജിസ്ട്രാർ, കണ്ണൂർ സർവകലാശാല, തവക്കര, സിവിൽ സ്റ്റേഷൻ - പി. ഒ., കണ്ണൂർ.
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കാസർഗോഡ് ജില്ല.

## പകർപ്പ് സമർപ്പിക്കുന്നത്:

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10
2. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4
3. ചെയർപേഴ്സൺ, CGRF, വൈദ്യുതി ഭവനം, കെ.എസ്.ഇ.ബി ലിമിറ്റഡ്, ഗാന്ധി റോഡ്, കോഴിക്കോട് - 673011